30/08/2025

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/08/2025

1. കൃഷി വകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണമായ കേരള കർഷകൻ മാസികയുടെ ഓണപതിപ്പ് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പ്രകാശനം ചെയ്തു. സെക്രട്ടറിയേറ്റ് അങ്കണത്തിൽ നടന്ന ചടങ്ങിൽ തുറമുഖം മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രന് നൽകികൊണ്ടാണ് പ്രകാശനം ചെയ്തത്. സംസ്ഥാനത്തൊട്ടാകെ കൃഷിവകുപ്പിന്റെയും കർഷകരുടെയും നേതൃത്വത്തിൽ നടക്കുന്ന ഓണം ഒരുക്കങ്ങളുടെ വിശേഷണങ്ങളും ഒപ്പം ഈ ഓണം കേരളാഗ്രോയ്ക്കൊപ്പം, ഉദ്യാനവിള കൃഷി പുതിയ ഉയരങ്ങളിലേക്ക് എന്നീ ഫീച്ചറുകളും ഓണപതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകാശന ചടങ്ങിൽ കാർഷിക ഉത്പാദന കമ്മീഷണർ ഡോ ബി അശോക് ഐ.എ.എസ്., കൃഷിവകുപ്പ് ഡയറക്ടർ ഡോ ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്., പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ സിന്ധു കെ.എസ് മറ്റ് കൃഷിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. കേരള കർഷകൻ വാർഷിക വരിസംഖ്യ 200 രൂപയും ഓൺലൈന് പതിപ്പിന് 100 രൂപയുമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

www.fibkerala.gov.in എന്ന വെബ് സൈറ്റ് വഴി മാസികയുടെ വരിക്കാരാകാവുന്നതാണ്.

2. കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ വെറ്ററിനറി ആശുപത്രികൾ ആധുനികവൽക്കരിക്കുക, സൈബർ സംവിധാനം വഴി മൃഗചികിത്സ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ **e – സമൃദ്ധ പദ്ധതി** (Digital Health Management System) പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കി വരികയാണ്. ജില്ലയിലെ എല്ലാ വെറ്ററിനറി ആശുപത്രികളിലും ഡിജിറ്റൽ ഹെൽത്ത് മാനേജ്മെൻറ് സിസ്റ്റം പൂർണ്ണ തോതിൽ സജ്ജമായതിന്റെ പ്രഖ്യാപനവും സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്നതിന്റെ ഉദ്ഘാടനവും മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. അടൂർ ഓൾ സെയിന്റ്സ് പബ്ലിക് സ്കൂൾ & ജൂനിയർ കോളേജ് ആഡിറ്റോറിയത്തിൽ ഇന്ന് (30-8-29 ശനിയാഴ്ച) രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ചടങ്ങിൽ കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിക്കും. ഈ പദ്ധതി കർഷകരിലേക്ക് നേരിട്ട് എത്തിക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷന്റെ ഈ സമൃദ്ധ മൊബൈൽ ആപ്പ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉദ്ഘാടനം ആരോഗ്യമന്ത്രി വീണാ ജോർജ് നിർവഹിക്കും. വെബ്സൈറ്റിന്റെ സമർപ്പണം എം.പി ആന്റോ ആൻ്റണി നിർവ്വഹിക്കും. എം.എൽ.എ മാരായ അഡ്വ. മാത്യു ടി തോമസ്, അഡ്വ. കെ യു ജനീഷ് കുമാർ, അഡ്വ. പ്രമോദ് നാരായൺ, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് ജോർജ് എബ്രഹാം, മറ്റ് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ കർഷകപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുന്നു. ഇതോടനുബന്ധിച്ച് **"സൈബർ യുഗം... മാറുന്ന മൃഗസംരക്ഷണ മേഖല..."** എന്ന വിഷയത്തെ അധികരിച്ച് സെമിനാറും സംഘടിപ്പിക്കുന്നതാണ്.

3. കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള നാളികേര ഗവേഷണ കേന്ദ്രം തിരുവനന്തപുരം, തൃശ്ശൂർ മണ്ണുത്തിയിലുള്ള കാർഷിക ഗവേഷണ കേന്ദ്രം, കാസർകോഡുള്ള കാർഷിക കോളേജ് , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം എന്നീ കേന്ദ്രങ്ങളിൽ കേരശ്രീ, കേരഗംഗ, കേരശങ്കര, ലക്ഷഗംഗ, അനന്ദഗംഗ എന്നീ ഇനങ്ങൾ തെങ്ങിൻ തൈകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. വില 325

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂപ മുതൽ 375 രൂപ വരെ. ഫോൺ തിരുവനന്തപുരം: 0471-2400621, മണ്ണുത്തി : 9447442133, കാസർകോഡ് : 9995380561, 9495240048.

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപെട്ട കോഴിക്കുഞ്ഞുങ്ങളുടെ വില്പനക്കായി ബുക്കിംഗ് സ്വീകരിക്കുന്നു. മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ 0479 2449268, 2959268, 9447790268 എന്നീ ഫോൺ നമ്പരുകളിൽ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മണി മുതൽ വൈകിട്ട് 5.30 മണി വരെ വിളിച്ച് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

5. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ മക്കൾക്ക് 2024-25 അധ്യയന വർഷത്തെ വിദ്യാഭ്യാസ ധനസഹായം നൽകുന്നു. സർക്കാർ / എയ്ഡഡ് സ്കൂളിൽ കേരള സ്റ്റേറ്റ് സിലബസിൽ വിദ്യാഭ്യാസം നടത്തിയവരും പരീക്ഷ ആദ്യ അവസരത്തിൽ പാസായവരുമായ വിദ്യാർഥികൾ ആയിരിക്കണം. അപേക്ഷകർ 2024-25 വർഷത്തെ എസ്.എസ്.എൽ.സി / ടി.എച്ച്.എസ്.എസ്എൽ.സി പരീക്ഷയിൽ 75

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ശതമാനവും അതിൽ കൂടുതൽ പോയിന്റും എസ്.സി / എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് 70 ശതമാനം നേടിയവരും ഹയർസെക്കണ്ടറി / വി.എച്ച്.എസ്.സി അവസാന വർഷ പരീക്ഷയിൽ 85 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയവരും എസ്.സി / എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് 80 ശതമാനം നേടിയവരുമായ വിദ്യാർഥികൾക്ക് ഇന്ന് (ഈ മാസം 30) വരെ ജില്ലാ ഓഫീസുകളിൽ അപേക്ഷിക്കാം. അപ്പീൽ അപേക്ഷകൾ സെപ്റ്റംബർ 15 വരെ തൃശ്ശൂർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ സ്വീകരിക്കും. അപേക്ഷാ ഫോം www.agriworkersfund.org യിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471 2729175.

## പരിശീലന പരിപാടി

1. ഓച്ചിറ ക്ഷീരോൽപന്ന നിർമാണ-പരിശീലന വികസനകേന്ദ്രത്തിൽ സെപ്റ്റംബർ 9 മുതൽ 20 വരെ 'ക്ഷീരോൽപന്ന നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിക്കും. ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രത്തിലോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ, അതാത് ബ്ലോക്ക് ക്ഷീരവികസനഓഫീസർമാര് മുഖേനയോ

നാളികേര വികസന ബോർഡ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷീരകർഷകർക്ക് രജിസ്റ്റർ ചെയ്യാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് അവസരം. 135 രൂപ രജിസ്ട്രേഷന് ഫീസ്. സെപ്തംബർ എട്ട് വൈകിട്ട് അഞ്ചിനകം 8089391209, 0476 2698550 നമ്പരുകളിൽ രജിസ്റ്റർ ചെയ്യണം. ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കണം.

2. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഉണക്ക റബ്ബറിൽനിന്നുള്ള ഉത്പന്നനിർമാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൽക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം **സെപ്റ്റംബർ 15 മുതൽ 19** വരെയുള്ള തീയതികളിൽ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0481 2353127 എന്ന ഫോൺ നമ്പരിലോ 04812353201

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ – training@rubberboard.org.in

**കാർഷിക നിർദേശം**

1. തെങ്ങ് – മച്ചിങ്ങയെ ബാധിക്കുന്ന കോറിഡ്ബഗ്ഗ് ന എതിരെ സ്പൈറോമെസിഫെൻ 8 മില്ലി 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് തളിക്കുക. പരാഗണം നടക്കുന്ന പൂങ്കുലയിൽ കീടനാശിനി വീഴരുത്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം